DESPATCHED
On..15/06/2020

17/03/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2909*(7)/2014*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നം.**17852/*എസ്.ഐ.സി–ജി 6/14***

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.ഷിനോജ് എസ്**
**സുമാംഗി നിലയം, പുന്നമൂട്, മാവേലിക്കര**
**ആലപ്പുഴ** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ**
**അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയം**
**പൊതുമരാമത്ത് നിരത്ത് ഉപഭോഗം**
**മാവേലിക്കര, ആലപ്പുഴ**

2. **അപ്പീൽ അധികാരി**
**എക്സിക്യൂട്ടീവ് എഞ്ചിനീയർ**
**പി.ഡബ്ല്യൂ.ഡി റോഡ്സ് ഡിവിഷൻ**
**ആലപ്പുഴ** } **എതിർകക്ഷികൾ**

## ഉത്തരവ്

2014ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച പരാതി ഹർജിയാണിത്. ഇതിൽ ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾക്കും വിവരങ്ങൾക്കും 5 വർഷത്തോളം പഴക്കമുണ്ട്. ടി പരാതി ഹർജിയിൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടുണ്ടെന്നാണ്.

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 26.11.2019 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാൾ കളക്ടറേറ്റ്, ആലപ്പുഴ വച്ചു നടത്തിയ വീഡിയോ കോൺഫറൻസിൽ ഹാജരാകുവാൻ



res

എസ്.പി.ഐ.ഒയ്ക്ക് നോട്ടീസ് നൽകുകയും ടിയാൻ ഹാജരാകുകയും അഭിപ്രായം രേഖപ്പെടുത്തുകയും, സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയതായി ബോധിപ്പിക്കുകയും ചെയ്തു. ഹർജിക്കാരനു നോട്ടീസ് നൽകിയിരുന്നെങ്കിലും ടിയാൻ ഹാജരാകുകയോ അഭിപ്രായം രേഖപ്പെടുത്തുവാൻ തയ്യാറാവുകയോ ചെയ്തിരുന്നില്ല.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന് ആവശ്യമായ രേഖകളെല്ലാം നൽകിയെന്നു എസ്.പി.ഐ.ഒ മൊഴി നൽകിയെങ്കിലും വിവരങ്ങളെല്ലാം നൽകിയതിന്റെ മറുപടി കത്തുകൾ ഉൾപ്പെടുത്തി വിശദമായ ഒരു റിപ്പോർട്ട് കമ്മീഷനിലും, ഹർജിക്കാരനും നൽകാൻ കമ്മീഷൻ നിർദ്ദേശിച്ചു.

4. മേൽ നിർദ്ദേശ പ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**



res